"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല - ചെറുകാവ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി.പി. അബ്ദുൾ നാസറിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

G.O.(Rt)No.503/2019/LSGD തീയതി,തിരുവനന്തപുരം, 02/03/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 27.07.2015-ലെ ഇ10(എസ്.സി.87/14/എംപിഎം)19983/2015 നമ്പർ റിപ്പോർട്ട്

2 സർക്കാരിന്റെ 04.06.2016-ലെ 462/ഇപിബി3/2015/തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. വി.പി. അബ്ദുൾ നാസർ സമർപ്പിച്ച 31.10.2016-ലെ പ്രതിവാദ പത്രിക

4 സർക്കാരിന്റെ 25.04.2017-ലെ 462/ഇപിബി3/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. വി.പി. അബ്ദുൾ നാസർ സമർപ്പിച്ച 22.06.2017-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 22.01.2018-ലെ ഡി4-20435/16 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് റിപ്പയർ പ്രവൃത്തി നടത്തൽ, സ്പെയർ പാർട്ട്സുകൾ വാങ്ങൽ എന്നീ പ്രവൃത്തികളിൽ വ്യപകമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോയുടെ മലപ്പുറം യൂണിറ്റ് ചെറുകാവ് ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട മൂന്ന് പദ്ധതികളിലും എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, കരാറുകാരുടെ പരിചയം, യോഗ്യത എന്നിവ പരിശോധിക്കുകയോ ഉണ്ടായിട്ടില്ലെന്നും, ബില്ലുകളോ, പദ്ധതികളുമായി ബന്ധപ്പെട്ട വിശദാംശങ്ങളോ ഫയലിൽ കാണുന്നില്ലെന്നും, 83/2009 നമ്പർ പ്രോജക്ട് പ്രകാരം 1,99,465/- രൂപ അസിസ്റ്റന്റ് എഞ്ചിനീയർ, പുളിക്കൽ; അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, രാമനാട്ടുകര; കരാറുകാരൻ ശ്രീ. അൽത്താഫ് ഹുസൈൻ എന്നിവർക്ക് കൈമാറുകയും എന്നാൽ പദ്ധതി നാളിതുവരെയും നിർവ്വഹണം നടത്തുകയുണ്ടായില്ലായെന്നും പദ്ധതി നിർവ്വഹണത്തിനായി വാങ്ങിയ സാമഗ്രികൾ ഉപയോഗശൂന്യമായി കിടക്കുന്നുവെന്നും, ട്യൂബ് ലൈറ്റ്, ചോക്ക്, സ്റ്റാർട്ടർ എന്നിവ നേരിൽ പരിശോധിച്ചതിൽ കാണുകയുണ്ടായില്ലെന്നും സെക്രട്ടറിയുടെ ഭാഗത്തുനിന്നും മേൽനോട്ട വീഴ്ചയുണ്ടായിട്ടുണ്ട് എന്നും കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി.പി. അബ്ദുൾ നാസറിനെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. വി.പി. അബ്ദുൾ നാസറിന് പരാമർ ശം (2) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

കുറ്റപത്രത്തിന് ശ്രീ. അബ്ദുൾ നാസർ പരാമർശം (3) പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കുകയുണ്ടായി.

എന്നാൽ ശ്രീ. വി.പി. അബ്ദുൾ നാസറിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ 31.05.2016-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.സി.എസ് (സി.സി.&എ) പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ സാധ്യമല്ലാത്തതിനാൽ ശ്രീ. അബ്ദുൾ നാസറിനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. അബ്ദുൾ നാസർ പരാമർശം (5) പ്രകാരം എതിർവാദ പത്രിക സമർപ്പിക്കുകയുണ്ടായി. ചെറുകാവ് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ താൻ 2011 ജൂലൈ മാസത്തിൽ സ്ഥലംമാറ്റപ്പെടുകയുണ്ടായെന്നും ആയതിനാൽ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട 67/15, 312/14 എന്നീ നമ്പർ പ്രോജക്ടുകൾ താൻ ചുമതല വഹിച്ചിരുന്ന കാലയളവിൽ ചെയ്തതോ, തുക നൽകിയതോ ആയ പ്രവർത്തികളല്ലെന്നും 83/09 സ്ട്രീറ്റ് മെയിൻവലിക്കൽ പ്രോജക്ട് തന്റെ കാലത്തേതാണെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. പദ്ധതികളുടെ എസ്റ്റിമേറ്റിന്റെ പകർപ്പ്, കോൺട്രാക്ടറുടെ പ്രവൃത്തിപരിചയം, സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ എന്നിവയെല്ലാം കണ്ടെത്തി അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ട പകർപ്പുകൾ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. കാരണം കാണിക്കൽ നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള മൂന്ന് പ്രോജക്ടുകളിൽ രണ്ടെണ്ണവും തന്റെ സേവനകാലയളവിൽ ഉള്ളതല്ലെന്നും 83/09 പ്രോജക്ടിലെ പിൻവലിച്ച തുക മുഴുവനായും കെ.എസ്.ഇ.ബി.യിലേയ്ക്ക് അടവാക്കുകയും സാധനങ്ങൾ വാങ്ങി സ്റ്റോക്കിൽ സൂക്ഷിക്കുകയും, സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറ്റം ചെയ്തിട്ടുണ്ടെന്നും കെ.എസ്.ഇ.ബി. അധികൃതരുടെ ലൈൻ വലിക്കുന്നതിനുള്ള കാലതാമസത്തിന് തന്നെ ഉത്തരവാദിയായി കാണരുതെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. അബ്ദുൾ നാസർ സമർപ്പിച്ച എതിർവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. വി.പി. അബ്ദുൾ നാസറിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 2000/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. അബ്ദുൾ നാസറിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി.പി. അബ്ദുൾ നാസറിനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
S MOHANDAS
ADDITIONAL SECRETARY

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

   (പരാമർശം (1) മുതൽ (5) വരെയുള്ള പകർപ്പുകൾ സഹിതം)

2. ശ്രീ. വി.പി. അബ്ദുൾ നാസർ, മുൻ സെക്രട്ടറി, ചെറുകാവ് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, ചെറുകാവ് ഗ്രാമപഞ്ചായത്ത്, മലപ്പുറം

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/462/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ